# പതിനാലാം കേരള നിയമസഭ

## രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 1441 — 03/10/2016 -ൽ മറുപടിക്ക്

## പത്തനംതിട്ട ജില്ലയിലെ ബ്ലഡ് ബാങ്കുകൾ

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ. രാജു എബ്രഹാം | | ശ്രീമതി . കെ.കെ. ശൈലജ ടീച്ചർ (ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി) | |
| എ) | പത്തനംതിട്ട ജില്ലയിൽ ഏതൊക്കെ ആശുപത്രികളോട് അനുബന്ധിച്ചാണ് ബ്ലഡ് ബാങ്കുകൾ ഉള്ളത്; | എ) | പത്തനംതിട്ട ജില്ലയിലെ ആശുപത്രികളോട് അനുബന്ധിച്ചുള്ള ബ്ലഡ് ബാങ്കുകളുടെ വിശദാംശങ്ങൾ ചുവടെ നൽകുന്നു.<br>1) ജനറൽ ഹോസ്പിറ്റൽ പത്തനംതിട്ട (ഗവൺമെന്റ്)<br>2) ഹോളി ക്രോസ് ഹോസ്പിറ്റൽ, അടൂർ, പത്തനംതിട്ട<br>3) മേനത്തോട്ടം ഹോസ്പിറ്റൽ, റാന്നി, പത്തനംതിട്ട<br>4) മൗണ്ട് സിയോൻ എം.സി.എച്ച്, അടൂർ, പത്തനംതിട്ട<br>5) ലൈഫ് ലൈൻ സൂപ്പർ സ്പെഷ്യാലിറ്റി ഹോസ്പിറ്റൽ, അടൂർ, പത്തനംതിട്ട<br>6) ക്രിസ്ത്യൻ മിഷൻ ഹോസ്പിറ്റൽ, പന്തളം, പത്തനംതിട്ട<br>7) മുത്തൂറ്റ് ഹെൽത്ത് കെയർ ലിമിറ്റഡ്, കോഴഞ്ചേരി, പത്തനംതിട്ട<br>8) ബിലീവേഴ്സ് ചർച്ച് മെഡിക്കൽ കോളേജ് ഹോസ്പിറ്റൽ, തിരുവല്ല, പത്തനംതിട്ട<br>9) മാർ ഗ്രിഗറിസ് മെമ്മോറിയൽ മുത്തൂറ്റ് മെഡിക്കൽ സെന്റർ ലിമിറ്റഡ്, റിംഗ് റോഡ്, പത്തനംതിട്ട<br>10) സെന്റ് ഗ്രിഗറിസ് മെഡിക്കൽ മിഷൻ ഹോസ്പിറ്റൽ, പരുമല, പത്തനംതിട്ട<br>11) പുഷ്പഗിരി ഹോസ്പിറ്റൽ, തിരുവല്ല, പത്തനംതിട്ട<br>12) തിരുവല്ല മെഡിക്കൽ മിഷൻ ഹോസ്പിറ്റൽ, തിരുവല്ല, പത്തനംതിട്ട<br>13) മെ. ഫെല്ലോഷിപ്പ് മെഡിക്കൽ മിഷൻ ഹോസ്പിറ്റൽ, കുമ്പനാട്, പത്തനംതിട്ട<br>14) ചിത്ര ഹോസ്പിറ്റൽ, പന്തളം, |

| | | | |
|---|---|---|---|
| | | | പത്തനംതിട്ട<br>15) പോയാനിൽ ഹോസ്പിറ്റൽ, കോഴഞ്ചേരി, പത്തനംതിട്ട<br>(എല്ലാം പ്രൈവറ്റ് ആശുപത്രികൾ) |
| ബി) | രക്തദാനത്തിന് സന്നദ്ധരായവരുടെ രക്തം ശേഖരിച്ച് സൂക്ഷിക്കാൻ താലൂക്കുകൾ കേന്ദ്രീകരിച്ച് സംവിധാനം ഇല്ലാത്തതിനാൽ രോഗികൾക്ക് യഥാസമയം രക്തം ലഭിക്കുന്നതിന് അനുഭവപ്പെടുന്ന ബുദ്ധിമുട്ട് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; അതിനാൽ എല്ലാ താലൂക്ക് ഹെഡ് ക്വാർട്ടേഴ്സുകൾ വരെയുള്ളിടത്തും രക്തബാങ്ക് ആരംഭിക്കാൻ നടപടി സ്വീകരിക്കുമോ; | ബി) | പത്തനംതിട്ട ജില്ലയിൽ രോഗികൾക്ക് യഥാസമയം രക്തം ലഭിക്കുന്നതിന് ബുദ്ധിമുട്ട് അനുഭവപ്പെടുന്നതായ റിപ്പോർട്ടുകളൊന്നും ശ്രദ്ധയിൽപ്പെട്ടിട്ടില്ല.<br>നാഷണൽ ബ്ലഡ് ട്രാൻസ്ഫ്യൂഷൻ കൗൺസിലിന്റെയും നാഷണൽ എയ്ഡ്സ് കൺട്രോൾ ഓർഗനൈസേഷന്റെയും മാർഗ്ഗനിർദ്ദേശ പ്രകാരം പ്രതിവർഷം 2000 യൂണിറ്റിൽ കൂടുതൽ രക്തം ആവശ്യമുള്ളിടത്താണ് രക്ത ബാങ്കുകൾ അനുവദിക്കുന്നത്. കൂടാതെ 2000 യൂണിറ്റിൽ താഴെ രക്തം ആവശ്യമുള്ള ആശുപത്രികളിൽ രക്ത സംഭരണ യൂണിറ്റുകളാണ് അനുവദിക്കുന്നത്. താലൂക്ക് ഹെഡ് ക്വാർട്ടേഴ്സിൽ രക്ത ബാങ്ക് ആരംഭിക്കുന്ന കാര്യം ഇപ്പോൾ പരിഗണനയിലില്ല. |
| സി) | റാന്നി താലൂക്കാശുപത്രിയിൽ ഇത്തരമൊരു യൂണിറ്റ് ആരംഭിക്കുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ? | | റാന്നി താലൂക്ക് ആശുപത്രിയിൽ ഒരു രക്ത സംഭരണ യൂണിറ്റ് ആരാഭിക്കുന്നതിനുള്ള അപേക്ഷ ലഭിച്ചതിന്റെ അടിസ്ഥാനത്തിൽ ആവശ്യമായ നടപടികൾ സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ